**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2268** **12-02-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതെന്നും ഏതു വർഷങ്ങളിലാണ് പദവി ഉയർത്തിയതെന്നും വിശദമാക്കാമോ; പദവി ഉയർത്തിയതിനെ തുടർന്ന് ലഭ്യമാക്കിയ കൂടുതൽ സൗകര്യങ്ങളെ കുറിച്ച് അറിയിക്കാമോ; | (എ) | ആർദ്രം മിഷന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ താഴെ പറയുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി.<br><br>അമരമ്പലം (2019-20)<br><br>കരുളായി (2018-19)<br><br>പോത്തുകൽ (2018-19)<br><br>എടക്കര (2018-19)<br><br>മൂത്തേടം (2018-19)<br><br>വഴിക്കടവ് (2017-18)<br><br>കുറുമ്പലങ്ങോട് (2019-20)<br><br>കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയതിനെ തുടർന്ന് ആശുപത്രികളിൽ രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ മുറികളിൽ രോഗികൾക്ക് നിർദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, |

| | | | |
|---|---|---|---|
| | | | ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾക്കായി ക്ലിനിക്കുകളും ലഭ്യമാക്കാറുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സി.എച്ച്.സി.യിലും ജില്ലാ ആശുപത്രിയിലും 2016 മുതൽ നാളിതുവരെ സർക്കാർ ചെലവഴിച്ച ഫണ്ടുകളുടേയും നടപ്പാക്കിയ പദ്ധതികളുടേയും വിശദാംശങ്ങൾ ആരോഗ്യ കേന്ദ്രങ്ങളുടെ പേരുൾപ്പെടെ വർഷം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ഉത്തരം അനുബന്ധം I ചേർക്കുന്നു |
| (സി) | നിലമ്പൂർ എം.എൽ.എ. യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും നിലമ്പൂർ മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങൾക്കായി 2016 മുതൽ നാളിതുവരെ അനുവദിച്ച ഫണ്ട്, വർഷം, പദ്ധതി, ആരോഗ്യ കേന്ദ്രത്തിന്റെ പേര് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | അനുബന്ധം 2 ആയി ചേർക്കുന്നു |
| (ഡി) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ 2019 മുതൽ നാളിതുവരെ ചെലവഴിച്ച എം.പി. ഫണ്ടുകളുടെ വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | 1) ബഹു. വയനാട് എം.പി യുടെ 2019-2020 കാലയളവിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി 1,44,85376/- രൂപ അനുവദിച്ചതിൽ 1,36,97,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>പോർട്ടബിൾ ഐസിയു വെന്റിലേറ്റർ-2 , അഡൾട്ട് ഐസിയു വെന്റിലേറ്റർ – 8, എബിജി മെഷീൻ -2 ,മൾട്ടി പാരാ മോണിറ്റർ- 7, ഡിഫൈബ്രിലേറ്റർ വിത്ത് കാർഡിയാക്ക് മോണിറ്റർ- 2,ഐസിയു കോട്ട് - 7എന്നിവ നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്കും പിപിഇ കിറ്റ്, എൻ 95 മാസ്ക്, ത്രീ ലയർ മാസ്ക് എന്നിവ നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്കും മഞ്ചേരി കോവിഡ് ആശുപത്രിയിലേക്കും മറ്റു സിഎഫ്സിടി യിലേക്കും നൽകിയിട്ടുണ്ട്<br><br>2) ബഹു. വയനാട് എംപിയുടെ 2023-2024 കാലയളവിൽ എംപി ഫണ്ടായി 13,86,121/- രൂപ കരുളായി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ആംബുലൻസ് വാങ്ങിക്കുന്നതിനായി അനുവദിക്കുകയും 13,76,897/- രൂപ ചെലവഴിച്ച് ആംബുലൻസ് വാങ്ങുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | പദ്ധതി | തുക | നടപ്പിലാക്കിയ വർഷം |
|---|---|---|---|---|
| 1. | എഫ്.എച്ച്.സി അമരമ്പലം | പി.എച്ച്.സി യെ എഫ്.എച്ച്.സി ആയി ഉയർത്തുന്ന നവീകരണ പ്രവൃത്തി | 15,50,000/- | 2022-23 |
| 2. | എഫ്.എച്ച്.സി കരുളായി | | 21,61,839/- | 2019-20 |
| 3. | എഫ്.എച്ച്.സി പോത്തുകൽ | | 21,10,907/- | 2021-22 |
| 4. | എഫ്.എച്ച്.സി എടക്കര | | 1,26,39,000/- | 2022-24 |
| 5. | എഫ്.എച്ച്.സി മൂത്തേടം | | 14,00,000/- | 2022-23 |
| 6. | എഫ്.എച്ച്.സി വഴിക്കടവ് | | 15,22,511/- | 2018-19 |
| 7. | എഫ്.എച്ച്.സി കുറുമ്പലങ്ങോട് | | 30,00,000/- | 2022-23 |
| 8. | സി.എച്ച്.സി ചുങ്കത്തറ | സി.എച്ച്.സി യെ ബ്ലോക്ക് എഫ്.എച്ച്.സി ആയി ഉയർത്തുന്ന നവീകരണ പ്രവൃത്തി | 35,20,000/- | 2022-23 |
| 9. | | ഓക്സിജൻ മാനിഫോൾഡ് റൂം നിർമ്മാണം | 2,40,000/- | 2021-22 |
| 10. | നിലമ്പൂർ ജില്ലാ ആശുപത്രി | ഓക്സിജൻ മാനിഫോൾഡ് റൂം ആന്റ് കംപ്രസ്സർ റൂം നിർമ്മാണം | 10,00,000/- | 2021-22 |
| 11. | നിലമ്പൂർ ജില്ലാ ആശുപത്രി | ECRP II ന്റെ ഭാഗമായി വാർഡുകളിൽ നെഗറ്റീവ് പ്രഷർ സംവിധാനം ഒരുക്കൽ, ലിഫ്റ്റ് സ്ഥാപിക്കൽ | 334.32 ലക്ഷം | 2022-23 |
| 12. | നിലമ്പൂർ ജില്ലാ ആശുപത്രി | സ്ത്രീകളുടെയും കുട്ടികളുടെയും പുതിയ ബ്ലോക്ക് നിർമ്മാണം | 16,50,00,000 | 2023-25 |

Sheila.M

സെക്ഷൻ ഓഫീസർ

**അനുബന്ധം II**

| ക്രമ നം. | സ്ഥാപനം | കാലയളവ് | വിശദാംശങ്ങൾ | അനുവദിച്ച തുക |
|---|---|---|---|---|
| 1 | ജില്ലാ ആശുപത്രി നിലമ്പൂർ | 2017-18 | നേത്ര രോഗ വിഭാഗത്തിലേക്ക് ശസ്ത്രക്രിയ ഉപകരണങ്ങൾ വാങ്ങൽ | 47.59 ലക്ഷം രൂപ |
| | | 2019-20 | വെന്റിലേറ്റർ, ഇലക്ട്രോണിക് ഡയാലിസിസ് ചെയർ | 53.68 ലക്ഷം രൂപ |
| | | 2019-20 | ഹോർമോൺ അനലൈസർ | 25 ലക്ഷം |
| 2 | 1. ജില്ലാ ആശുപത്രി നിലമ്പൂർ<br>2. ചുങ്കത്തറ ബ്ലോക്ക് എഫ്.എച്ച്.സി<br>3. പോത്തുകൽ എഫ്.എച്ച്.സി<br>4. കരുളായി എഫ്.എച്ച്.സി<br>5. വഴിക്കടവ് സി.എച്ച്.സി<br>6. അമരമ്പലം എഫ്.എച്ച്.സി | 2019-20 | നിലമ്പൂർ നിയോജകമണ്ഡലത്തിലെ<br>സ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 41.50 ലക്ഷംരൂപ |
| 3 | ജില്ലാ ആശുപത്രി നിലമ്പൂർ | 2020-21 | ഡയാലിസിസ് മെഷീൻ, എയർ കണ്ടീഷണർ വാങ്ങൽ | 28.17 ലക്ഷം |
| 4 | കരുളായി എഫ്.എച്ച്.സി | 2016-2017 | പുതിയ ഒ.പി. ബിൽഡിംഗ് നിർമ്മാണം | 25 ലക്ഷം രൂപ |
| 5 | ചുങ്കത്തറ ബ്ലോക്ക് എഫ്.എച്ച്.സി | 2016-17 | ഡയാലിസിസ് മെഷീൻ വാങ്ങൽ | 38.5 ലക്ഷം രൂപ |
| 6 | ജില്ലാ ആശുപത്രി നിലമ്പൂർ | 2016-17 | ഡയാലിസിസ് മെഷീൻ വാങ്ങൽ | 34.10 ലക്ഷം രൂപ |

| | | | | |
|---|---|---|---|---|
| 7 | മൂത്തേടം എഫ്.എച്ച്.സി | | പുതിയ എഫ്.എച്ച്.സി ബിൽഡിംഗ് നിർമ്മാണം | 48.75 ലക്ഷം രൂപ |
| 8 | ചുങ്കത്തറ ബ്ലോക്ക് എഫ്.എച്ച്.സി | | ലാബ് ഉപകരണങ്ങൾ വാങ്ങൽ | 10 ലക്ഷം രൂപ |

Shaila.m

സെക്ഷൻ ഓഫീസർ